25୨/estk/18

**ഭരണഭാഷ - മാതൃഭാഷ**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം. എ3/10718/18-19/സിഇ/എൽ.എസ്.ജി.ഡി    തീയതി 31/08/2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം- മൺസൂൺ കാലവർഷക്കെടുതിയോടനുബന്ധിച്ചുള്ള നാശനഷ്ടക്കണക്കുകൾ- കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:-

*********

മൺസൂൺ കാലവർഷക്കെടുതി മൂലം തദ്ദേശസ്വയംഭരണ വകുപ്പിന് ഉണ്ടായ നാശ നഷ്ടങ്ങളുടെ കണക്ക് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കേണ്ടതുണ്ട്. ആയതിനാൽ 01.08.2018 മുതൽ 28.08.2018 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾക്ക് സംഭവിച്ച നാശ നഷ്ടങ്ങളുടെ കണക്ക് ഇതോടൊപ്പം ഉള്ള പ്രൊഫോർമയിൽ ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ 03.09.2018 ന് 5.00 PM ന് മുമ്പ് തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in - ലെ "Proforma" പേജിലും, Home Page ൽ നൽകിയിട്ടുള്ള "Monsoon calamities" link page ലെ Proformas related to Monsoon calamities എന്ന Heading ന്റെ കീഴിൽ പ്രസിദ്ധീകരിച്ചിട്ടുള്ള "google sheet Proforma MC004- Proforma for submitting damaged community assets- 01.08.2018 to 28.08.2018" എന്ന link മുഖാന്തിരവും ടി google sheet ൽ പ്രവേശിക്കാവുന്നതാണ്. ടി Proforma എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി പൂരിപ്പിക്കുന്നുണ്ട് എന്നുള്ളത് ത്രിതല പഞ്ചായത്തുകളുടേത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളുടേത് അതാത് മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപറേഷനുകളുടേത് അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും ഉറപ്പ് വരുത്തേണ്ടതാണ്.

റോഡിന്റെ നീളം കിലോമീറ്ററിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. പ്രത്യേകമായ വിവരങ്ങൾ എന്തെങ്കിലും പ്രതിപാദിക്കേണ്ടതുണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ മാത്രം രേഖപ്പെടുത്തേണ്ടതാണ്. MS Excel പ്രകാരം sorting, addition എന്നീ mathematical calculations ചെയ്യേണ്ടതിനാൽ data entry ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

for ചീഫ് എഞ്ചിനീയർ

പകർപ്പ്:- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്ക്

ഷാ/-